By Spl Messenger

കേരള സർക്കാർ

**സംഗ്രഹം**

ധനകാര്യ വകുപ്പ്- നിയോജകമണ്ഡല ആസ്തി വികസന പദ്ധതി - എയ്ഡഡ് സ്കൂളുകളിൽ പാചകപ്പുരയും ടോയ് ലെറ്റും നിർമ്മിക്കാൻ അനുമതി നൽകിയത് - സ്പഷ്ടീകരണം വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

---

**ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ്**

**സ.ഉ.(അ) നം.75/2017/ധന** **തീയതി, തിരുവനന്തപുരം, 28.05.2017**

പരാമർശം : 1. സ.ഉ.(പി) നം. 63/2017/ധന. തീയതി 12.05.2017

2. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ 18.05.2017 ലെ കുറിപ്പ്.

**ഉത്തരവ്**

നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് എയ്ഡഡ് സ്കൂളുകളിൽ പാചകപ്പുരയും ടോയ് ലെറ്റും നിർമ്മിക്കാൻ പരാമർശത്തിലെ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തികൾക്കായി 10 ലക്ഷം രൂപയിൽ അധികരിക്കാത്ത ധനസഹായം ആസ്തി വികസന ഫണ്ടിൽ നിന്നും ഉപയോഗിക്കാനാണ് അനുമതി നൽകിയത്. എന്നാൽ 10 ലക്ഷം രൂപ എന്നത് ഒരു പ്രവൃത്തിക്കാണോ അതോ ഒരു മണ്ഡലത്തിനാണോ എന്നതിൽ വ്യക്തത വരുത്തണമെന്ന് ബഹു. മുഖ്യമന്ത്രി നിർദ്ദേശിച്ചിട്ടുള്ളതായി പരാമർശത്തിലെ കുറിപ്പ് പ്രകാരം അറിയിച്ചിട്ടുണ്ട്. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും താഴെപ്പറയും പ്രകാരമുള്ള സ്പഷ്ടീകരണം പുറപ്പെടുവിച്ചുകൊണ്ട് പരാമർശത്തിലെ സർക്കാർ ഉത്തരവ് ഭേദഗതി ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. ആസ്തി വികസന പദ്ധതിയിൻ കീഴിൽ ഒരു പ്രവൃത്തിക്കായി അനുവദിക്കാവുന്ന ഏറ്റവും കുറഞ്ഞ തുക 10 ലക്ഷം രൂപയാണ്.

ii. ഒരു എയ്ഡഡ് സ്കൂളിൽ ടോയ് ലെറ്റുകൾ/ പാചകപ്പുര എന്നിവ നിർമ്മിക്കുന്നതിന് 10 ലക്ഷം രൂപയ്ക്ക് താഴെയാണ് എസ്റ്റിമേറ്റ് വരുന്നതെങ്കിൽ എം.എൽ.എ. ഒന്നിലധികം സ്കൂളുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിക്കുന്ന പക്ഷം എല്ലാ സ്കൂളുകളിലെയും നിർമ്മാണ പ്രവൃത്തികൾ ഒറ്റ പദ്ധതിയായി കണക്കാക്കി ചെയ്യാവുന്നതാണ്. ഉദാഹരണത്തിന് ഒരു ലക്ഷം രൂപാ വീതം ചെലവിട്ട് 25 എയ്ഡഡ് സ്കൂളുകളിൽ ടോയ് ലെറ്റുകൾ/ പാചകപ്പുര നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നതെങ്കിൽ പ്രസ്തുത പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് ഒരുമിച്ച് തയ്യാറാക്കി 25 ലക്ഷം രൂപയുടെ ഒറ്റ പദ്ധതിയായി സമർപ്പിക്കാവുന്നതാണ്.

iii. ഒരു എയ്ഡഡ് സ്കൂളിൽ പാചകപ്പുരയും ടോയ് ലെറ്റും നിർമ്മിക്കുന്നതിന് ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിക്കാവുന്ന പരമാവധി തുക 10 ലക്ഷം രൂപയായി നിജപ്പെടുത്തുന്നു. ഒരു എയ്ഡഡ് സ്കൂളിന് ഇരു പ്രവൃത്തികൾക്കുമായി ആസ്തി വികസന ഫണ്ടിൽ നിന്നും 10 ലക്ഷം രൂപയിൽ കൂടുതൽ ചെലവിടാൻ പാടുള്ളതല്ല.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**കെ.എസ്.ഉഷ**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ് :-

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം,
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( ജി&എസ്.എസ്.എ)കേരള, തിരുവനന്തപുരം,
3. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. എല്ലാ നിയമസഭാ സാമാജികർക്കും
5. എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും
6. എല്ലാ വകുപ്പ് തലവൻമാർക്കും
7. എല്ലാ ജില്ലാ കളക്ടർമാർക്കും
8. ട്രഷറി ഡയറക്ടർ
9. എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും
10. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
11. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
12. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
13. വിദ്യാഭ്യാസമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
14. മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറി
15. നോഡൽ ഓഫീസർ, www.finance.kerala.gov.in
16. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ